**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | "ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. 11 പ്രവർത്തികൾക്ക് എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 10 പ്രവർത്തികൾക്ക് പ്ലാൻ ഫണ്ടും അനുവദിച്ചു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ